# പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 631 | 13/01/2021-ൽ മറുപടിക്ക്

## ശ്രീകൃഷ്ണപുരം കെ.എസ്.ഇ.ബി.സെക്ഷൻ ഓഫീസ്

| | ചോദ്യം<br><br>ശ്രീ.പി.ഉണ്ണി | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ശ്രീകൃഷ്ണപുരം കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിന്റെ പരിധിയിൽ എത്ര ഉപഭോക്താക്കളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) | ശ്രീകൃഷ്ണപുരം സെക്ഷൻ ഓഫീസിന്റെ കീഴിൽ നിലവിൽ 25384 ഉപഭോക്താക്കൾ ഉണ്ട്. |
| (ബി) | ശ്രീകൃഷ്ണപുരം കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിന്റെ പരിധിയിൽ ഏതെല്ലാം ഗ്രാമ പഞ്ചായത്തിൽപ്പെട്ട സ്ഥലങ്ങളാണ് ഉൾപ്പെട്ടിരിക്കുന്നതെന്ന് വിശദീകരിക്കാമോ; | (ബി) | ശ്രീകൃഷ്ണപുരം സെക്ഷൻ ഓഫീസിന്റെ പരിധിയിൽ ശ്രീകൃഷ്ണപുരം, കരിമ്പുഴ, വെള്ളിനേഴി, തച്ചമ്പാറ, കമരംപുത്തൂർ, പൂക്കോട്ടുകാവ്, കോട്ടോപ്പാടം എന്നീ ഏഴ് ഗ്രാമ പഞ്ചായത്തിൽപ്പെട്ട പ്രദേശങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. |
| (സി) | ശ്രീകൃഷ്ണപുരം കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് വിഭജിച്ച് കരിമ്പുഴ കേന്ദ്രമാക്കി ഒരു സെക്ഷൻ ഓഫീസ് തുടങ്ങുന്ന കാര്യം പരിഗണിക്കുമോ; ആയതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നത് ഇപ്പോൾ പ്രായോഗികമല്ല. എന്നാൽ ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായി പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ-ൽ നടന്നുവരുന്നുണ്ട്. കൂടാതെ ആധുനിക സാങ്കേതിക |

| | | | |
|---|---|---|---|
| | | | വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയ ബന്ധിതമായി ലഭ്യമാക്കുന്നതിനും വേണ്ടി കെ.എസ്.ഇ.ബി.എൽ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ